# Academic Master Plan 2025




## St. Antony's H.S.S
## Valiathura

# <u>ഉള്ളടക്കം</u>


- ആമുഖം
- 2025 - വിദ്യാലയ പ്രവർത്തനങ്ങൾ
- തണൽ - ലക്ഷ്യങ്ങൾ
- മൂല്യാധിഷ്ഠിത വിദ്യാഭ്യാസം
- ദിനാചരണങ്ങൾ, ക്ലബ് പ്രവർത്തനങ്ങൾ
- നറുമൊഴി മലയാളം
- നിലാവ്
- Dreams English
- ചിറകുകൾ
- ഗണിതം നിത്യജീവിതത്തിൽ
- Focus -ശാസ്ത്രം
- എന്റെ ചുറ്റുവട്ടം
- സോക്കർ - കായികവിദ്യാഭ്യാസം
- സ്വരാഞ്ജലി - കലാ പ്രവർത്തി പരിചയ വിദ്യാഭ്യസം
- സ്കൗട്ട് പ്രവർത്തനങ്ങൾ

# തണൽ

## ആമുഖം

ഒരു കാലത്ത് തിരുവിതാകൂറിൻെറ തുറമുഖമായിരുന്ന 'റായിതുറ' എന്നറിയപ്പെട്ടിരുന്ന വലിയതുറയിലെ പ്രതിഭാശാലികളായ പൂർവ്വികരാൽ സ്ഥാപിക്കപ്പെട്ട വിദ്യാലയമാണ് St.Antonys' HSS. ചരിത്രം കൂടികൊള്ളുന്ന മണ്ണിൽ സ്ഥിതി ചെയ്യുന്ന ഈ വിദ്യാലത്തിന് അതിശ്രേഷ്ഠമായ ഒരു പാരമ്പര്യമുണ്ട്. തീർത്തും മത്സ്യബന്ധനത്തിലധിഷ്ഠിതമായ ഒരു ജീവിതരീതിയുടെ ഉടമകളാണ് ഇവിടെയുള്ളവർ. പ്രതികൂലമായ സാഹചര്യങ്ങളിൽ പോലും കടലിനോടു മല്ലിടുന്ന, അന്നത്തിനു വേണ്ടിയുള്ള വക കണ്ടെത്തുന്ന ഇവർക്ക് നല്ലൊരു നാളെയെ ക്കുറിച്ചുള്ള അസ്തമിക്കാത്ത പ്രതീക്ഷയാണ് ഈ വിദ്യാലയം. തങ്ങളുടെ കുട്ടികളെ വിദ്യാസമ്പന്നരായി വളർത്തി പുരോഗതിയുടെ വഴിത്താരയിലേക്ക് ഈ സമൂഹത്തെ പിടിച്ചുയർത്തുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിച്ചു വരികയാണ് ഈ വിദ്യാലയം.

നിരക്ഷരായ ഇവിടുത്തെ മത്സ്യത്തൊഴിലാളികളെ മെച്ചപ്പെട്ട ജീവിതത്തിലേക്ക് നയിക്കുവാനുള്ള ഉത്തരവാദിത്വം ഈ വിദ്യാലയത്തിനും ഇവിടെ പഠിക്കുന്ന കുട്ടികളിലും നിക്ഷിപ്തമായിരിക്കുന്നു എന്ന തിരിച്ചറിവോടെ കുട്ടികളെ സാമൂഹിക പ്രതിബദ്ധതയുള്ള പൗരന്മാരാക്കി വളർത്തിയെടുക്കുവാനുള്ള മാർഗനിർദ്ദേശവും വഴികാട്ടിയുമാണ് ***'തണൽ '***. കായികരംഗത്ത് മികച്ച പ്രകടനം കാഴ്ച വച്ച കായികപ്രതിഭകളോറെയുള്ള ഒരു തീരദേശഗ്രാമമാണ് വലിയതുറ. അതിനാൽ തന്നെ നമ്മുടെ പാഠ്യപദ്ധതിയിൽ കായികമേഖലയ്ക്ക് മുൻതൂക്കം നൽകി വരുന്നു

നമ്മുടെ സാമൂഹത്തിലെ പ്രശ്നങ്ങളെക്കുറിച്ച്  അറിയാനും അത് കാണാനും, അതിന് ഉചിതമായ പരിഹാരം കണ്ടെത്താനുമുള്ള ഒരു ചിന്താരീതി കുട്ടികളിൽ ഉണർത്തിയെടുക്കുക, കടൽക്ഷോഭത്താൽ വലയുന്ന നമ്മുടെ സമൂഹത്തിലെ മനുഷ്യരുടെ അവസ്ഥകൾ അറിഞ്ഞും പഠിച്ചും അതിന് മനുഷ്യസഹജമായ പരിഹാരങ്ങൾ നിർദ്ദേശിക്കാനും നമ്മുടെ കുട്ടികളെ ഒരുക്കുന്നതിനാവശ്യമായ പാഠ്യക്രമീകരണങ്ങളും പ്രവർത്തനങ്ങളുമായി അവരുടെ സമഗ്രവികസനത്തിനായി അധ്യാപകരായ നമുക്ക് കൈകോർക്കാം.

***തണലാകാം..................***

# 2025 വിദ്യാലയ പ്രവർത്തനങ്ങൾ

1**. സ്കൂൾ പ്രവേശനോത്സവം**

02.06.2025 ൽ ഫ്രവേശനോത്സവത്തോടെ 2025 –26 അധ്യയന വർഷം ആരംഭിച്ചു. ഹെഡ്മിസ്ട്രസ് സൂസി റോസ് ടീച്ചർ സ്വാഗതം ആശംസിച്ചു. സ്കൂൾ മാനേജർ പ്രവേശനോത്സവത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. തുടർന്ന് സംസ്ഥാന തല പ്രവേശനോത്സവത്തിന്റെ തത്സമയ സംപ്രേഷണം പ്രോജക്ടർ വഴി പ്രദർശിപ്പിച്ചു.

അധ്യാപകരുടെ അനുഗ്രഹാശിസ്സുകളോടെ കൊടിതോരണങ്ങളാലും ബലൂണുകൾ കൊണ്ടും അലങ്കരിച്ച ക്ലാസ്മുറിയിൽലേക്ക് ദീപം നല്കി കൂട്ടികളെ പ്രവേശിപ്പിച്ചു. തുടർന്ന് എല്ലാ കുട്ടികൾക്കും മധുരം നല്കി.

ഉച്ചഭക്ഷണം വിതരണം അന്നു തന്നെ ആരംഭിച്ചു. ജൂൺ മാസം 5 - ാം തീയതി സയൻസ് ക്ലബിന്റെ നേതൃത്വത്തിൽ പരിസ്ഥിതി ദിനാചരണം സംഘടിപ്പിച്ചു. ഒരേ ഒരു ഭൂമി എന്ന സന്ദേശം ഉൾകൊള്ളുന്ന പരിസ്ഥിതി ഗാനം വിദ്യാർത്ഥികൾ ആലപിച്ചു. അധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് സ്കൂൾ പരിസരത്ത് വൃക്ഷത്തൈ നട്ടു. ചിത്രരചന, പോസ്റ്റർ രചന, ക്വിസ് മത്സരം എന്നിവ സംഘടിപ്പിക്കുകയും വിജയികൾക്ക് സമ്മാനം നൽകുകയും ചെയ്തു.

18.06.2025 ൽ 10 - ാം ക്ലാസിന്റെ ഈവനിംഗ് ക്ലാസ് ആരംഭിക്കുവാൻ തീരുമാനിച്ചു. വിവിധ കമ്മിറ്റി കൺവീനേഴ്സിനെ തെരഞ്ഞെടുത്തു. 19.06.2025 വായനാദിനം സംഘടിപ്പിക്കുവാൻ തീരുമാനിച്ചു. പി.എൻ പണിക്കരുടെ ചരിത്രവും, കവിതാലാപനവും, ക്വിസ്, കേട്ടെഴുത്ത്, ചേരുപടി ചേർക്കൽ, പുസ്തകപ്രദർശനം എന്നിവ സംഘടിപ്പിക്കാൻ തീരുമാനിച്ചു.

2. **ക്ലബ് ഉദ്ഘാടനവും പ്രവർത്തനങ്ങളും**

വിവിധ പരിപാടികളിലും പ്രവർത്തനങ്ങളിലും പങ്കെടുപ്പിക്കുക, വിവിധ വിഷയങ്ങളിലെ കുട്ടികളുടെ പ്രാവീണ്യം വർദ്ധിപ്പിക്കുക എന്നീവ ലക്ഷ്യം വച്ചു കൊണ്ടു സ്കൂളിൽ സയൻസ്, ഗണിതം, സാമൂഹ്യശാസ്ത്രം, കല- കായികം, ഐടി, ഇക്കോ തുടങ്ങിയ ക്ലബുകളുടെ ഉദ്ഘാടനം ജൂലൈ മാസം നടത്താൻ തീരുമാനിച്ചു. ക്വിസ്, ഉപന്യാസം, ചിത്രരചന, പോസ്റ്റർ രചന, പറ്റേൺ നിർമ്മാണം കര കൗശല വസ്തുക്കളുടെ നിർമ്മാണം, ദിനാചരണങ്ങൾ, പഠനയാത്രകൾ തുടങ്ങിയവ വിവിധ ക്ലബുകളുടെ പ്രവർത്തനങ്ങളാണ്.

3. **ദിനാചരണങ്ങൾ**

പ്രാധാന്യമുള്ള ദിവസങ്ങളും അന്നേ ദിവസം അനുസ്മരിക്കപ്പെടേണ്ട വ്യക്തിക്കളെയും കുറിച്ച് സ്കൂൾ അസംബ്ളിയിൽ വിദ്യാർത്ഥികൾ അവതരിപ്പിക്കുന്നു. ദിനാചാരണങ്ങൾ അന്നേ ദിവസം തന്നെ സെപ്ഷ്യൽ അസംബ്ളി നടത്തി ആചരിക്കണമെന്ന് തീരുമാനിച്ചു. ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിഷയാടിസ്ഥാനത്തിൽ അധ്യാപകർ ദിനാചാരണകലണ്ടർ തയ്യാറാക്കി.

- **പരിസ്ഥിതി ദിനം** ; പരിസ്ഥിതിയുമായി ബന്ധപ്പെട്ട ചിത്രരചന, പോസ്റ്റർ രചന, ക്വിസ്, വൃക്ഷത്തെ നടൽ, ഔഷധസസ്യ പൂന്തോട്ട നിർമ്മാണം വാഴത്തോട്ട നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- **വായനാ ദിനം** ; വായനദിനത്തോടനുബന്ധിച്ച് പി എൻ പണിക്കരുടെ അനുസ്മരണം ഉപന്യാസ മത്സരം, പതിപ്പ് തയ്യാറാക്കൽ അസംബ്ളിയിൽ എല്ലാ ദിവസവും ലേഖനങ്ങളുടെ വായന, ക്ലാസ് ലൈബ്രറി പരിപാലനം തുടങ്ങിയവ വിദ്യാരംഗം ക്ലബിൻെറ ഭാഗമാണ്.
- **സ്വാതന്ത്ര്യ ദിനം** ; സ്വാതന്ത്ര്യ ദിനാചരണ ഭാഗമായി പതാക ഉയർത്തൽ ദേശഭക്തിഗാനാലാപനം, സ്വാതന്ത്ര്യദിന ക്വിസ്, ദേശഭക്തി ഡാൻസ്, റാലി തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുന്നു.
- **ഗാന്ധിജയന്തി** ; ഗാന്ധിജയനതിയോടനുബന്ധിച്ച് ഗാന്ധി ക്വിസ്, ജീവചരിത്ര വായന, ഗാന്ധിചിത്രത്തിൽ പുഷ്പാർച്ചന, തിരികൾ കത്തിക്കൽ, ഗാന്ധിസന്ദേശം നൽകൽ, വിദ്യാലയ പരിസരം ശുചീകരണം, അടുക്കളത്തോട്ട നിർമ്മാണം, ലഹരി വിരുദ്ധക്യാമ്പെയ്നുകൾ എന്നിവ നടത്താൻ തീരുമാനിച്ചു.
- **അധ്യാപക ദിനം** ; ഗുരുവന്ദനം, വിദ്യാർത്ഥികൾക്ക് അദ്ധ്യാപകരായി പ്രവർത്തിക്കാനുള്ള അവസരം, അധ്യാപകർ നയിക്കുന്ന സ്പെഷ്യർ അസംബ്ളി എന്നിവ നടത്തി വരുന്നു.
- **ശിശു ദിനം** ; ശിശുദിന ക്വിസ്, ചാച്ചാജിയുടെ ചരിത്രവായന,ഗാനങ്ങൾ മധുര വിതരണം തുടങ്ങിയ പരിപാടികൾ നടത്തി വരുന്നു.
- **കേരളപിറവി** ; കേരളപ്പിറവിയോടനുബന്ധിച്ച് സ്പെഷ്യൽ അസംബ്ളി കേരള ചരിത്രവുമായി ബന്ധപ്പെട്ട ക്വിസ്, എന്റെ കേരള ചിത്രരചന, വിദ്യാർത്ഥികളുടെ കലാപരിപാടികളും നടത്തിവരുന്നു.

**4. ഹൈടെക് ക്ലാസ്മുറികൾ**

പുതിയ പഠനമാർഗ്ഗങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ നമ്മുടെ സ്കൂളും ഹൈടെക് ആയി. അധ്യാപകർ ലാപ്ടോപ്പുകൾ, പ്രോജക്ടറുകൾ എന്നിവയുടെ സഹായത്തോടെ ക്ലാസുമുറികളിൽ പാഠഭാഗവുമായി ബന്ധപ്പെട്ട വിഡിയോകൾ, ചിത്രങ്ങൾ, എന്നിവ പഠിപ്പിക്കുന്നു.

**5.സ്കൂൾ കലോത്സവം**

കുട്ടികളുടെ കലാവാസന പരിപോഷിപ്പിക്കുന്നതിനായി എല്ലാ വർഷവും സ്കൂൾ കലോത്സവം സംഘടിപ്പിച്ചു വരുന്നു. സ്കൂൾ കലോത്സവത്തിൽ മികവു തെളിയിച്ച

വിദ്യാർത്ഥികളെ ജില്ലാതല മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നതിനായുള്ള പരീശിലനം നൽകുന്നു.

**6.. കായികമേള**

കുട്ടികളുടെ കായികശേഷി വർദ്ധിപ്പിക്കുന്നതിനായി അധ്യയന വർഷത്തെ കായിക മേള ആഗസ്റ്റ് മാസം നടത്താൻ തീരുമാനിച്ചു. കായികപ്രതിഭകളെക്കൊണ്ട് ഉദ്ഘാടനം നടത്താൻ തീരുമാനിച്ചു.വിദ്യാർത്ഥികളുടെ നിരവധിയായ കായിക ശേഷികൾ പരിശോധിക്കുന്നതിനും കായികമേള ഉപകാരപ്പെടുന്നു. Net ball, Volley ball, Football, Fencing തുടങ്ങിയ മത്സര ഇനങ്ങൾക്ക് കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകി വരുന്നു. Revenue district, Sub district, District തലങ്ങളിൽ സ്കൂൾ കായികമേളയിൽ വിജയികളാകുന്നവരെ പ്രത്യേകം പരിശീലനം നൽകി പങ്കെടുപ്പിക്കുന്നു.

**7. ശാസ്ത്രമേള**

വിദ്യാർത്ഥികളിലെ ശാസ്ത്ര അഭിരുചി കണ്ടെത്തുന്നതിനു പരിപോഷിപ്പിക്കുന്നതിനു മായി എല്ലാ വർഷവും science, maths, social science, IT, work experience മേള സ്കൂളിൽ നടത്തി വരുന്നു. വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് ചാർട്ടുകൾ Still Model, working model, Improvised experiments തുടങ്ങിയവ വിദ്യാർത്ഥികൾ പ്രദർശിപ്പിക്കുന്നു. ഇതിൽ വിജയികളാക്കുന്നവരെ സബ് ജില്ലാതല മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നു.

**8. പ്രതിഭക്കളെ ആദരിക്കൽ**

എസ് എസ് എൽ സി പരീക്ഷയിൽ മികവ് പുലർത്തിയ വിദ്യാർത്ഥികളെ ആദരിക്കുകയും ക്യാഷ് അവാർഡ് നൽകുകയും ചെയ്യുന്നു. കലാകായിക, ശാസ്ത്ര പ്രവർത്തി പരിചയ സാഹിത്യമേഖലകളിലും ക്ലബ്പ്രവർത്തനങ്ങളിലും മികവ് പുലർത്തുന്ന വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റും ട്രോഫിയും നൽകുന്നു

**9. ക്ലാസ് ലൈബ്രറി**

ക്ലാസ് ലൈബ്രറി പുസ്തകങ്ങൾ ശേഖരിക്കുകയും ക്ലാസ് ലൈബ്രറി നിർമ്മിക്കുകയും അതിന്റെ പരിപാലനം ഒരു അധ്യാപികയുടെ നേതൃത്വത്തിൽ പ്രവർത്തിച്ചു വരുന്നു. ഒഴിവുള്ള പിരിയഡുകളിൽ കുട്ടികൾ ലൈബ്രറി പുസ്തകങ്ങൾ വായിക്കുക വഴി ഭാഷാനൈപുണ്യം, ക്രിയാത്മക ചിന്താശേഷി വർദ്ധിപ്പിക്കുവാൻ ഇത് ഉപകരിക്കുകയും ചെയ്യുന്നു.

**10. അക്ഷരദീപം**

സ്കൂളിൽ പഠന നിലവാരത്തിൽ പിന്നോക്കം നിൽക്കുകയും മലയാളം, ഇംഗ്ലീഷ്, ഗണിതം എന്നി വിഷയങ്ങളിൽ അടിസ്ഥാന ധാരണ കുറവായ വിദ്യാർത്ഥികളെ ഗ്രൂപ്പുകളായി തിരിച്ച് അധ്യാപകർ പ്രത്യേക പരിശീലനം നൽകി വരുന്നു. ഇതിനായി പ്രത്യേകം മോഡ്യൂളുകൾ തയ്യാറാക്കി ഒരു നിശ്ചിത സമയം എല്ലാ ദിവസവും ക്ലാസ്സ് നൽകുന്നു.

11. **ജീവകാരുണ്യ പ്രവർത്തനങ്ങൾ**

ബുദ്ധിമാന്ദ്യമുളള കുട്ടിളുടെ ഭവനസന്ദർശനം നടത്തി. കൂട്ടുകാർക്കൊപ്പം സല്ലപിക്കാൻ അവസരം ഒരുക്കുകയും ചെയ്തു. കടൽക്ഷോഭത്തിൽ വീടു നഷ്ടപ്പെട്ടുകയും ദുരിതമനുഭവിക്കുകയും ചെയ്യുന്ന കുടുംബങ്ങളെ സന്ദർശിക്കുകയും ദുരിതമനുഭവിക്കുന്ന അവർക്ക് വേണ്ട ധനസഹായവും പഠനോപകരണങ്ങളും നൽകുകയും ചെയ്തു വരുന്നു. എല്ലാ കൊല്ലവും സ്കൂളിൽ പൊതിച്ചോറ് ശേഖരിച്ച് ആശുപത്രികളിലും ക്യാൻസർ സെന്ററുകളിലും എത്തിക്കുന്ന നദ്ധതി നടത്തി വരുന്നു. കുട്ടികളിൽ നിന്നും ജീവനക്കാരിൽ നിന്നും മറ്റു അഭ്യുദയകാംക്ഷികളിൽ നിന്നും ധനശേഖരണം നടത്തി നിർധയനായ ഒരു വിദ്യാർത്ഥി കളെ സഹായിക്കുന്നു.

12. **PTA മീറ്റിംഗുകൾ**

8,9,10 ക്ലാസുകളിലെ വിദ്യാർത്ഥികളുടെ രക്ഷകർത്താക്കളിൽ നിന്നും PTA എക്സിക്യൂട്ടിവ് അംഗങ്ങളെ തെരഞ്ഞെടുക്കുന്നു. ഓരോ monthly test നും term exam നും ശേഷവും class PTA കൂടി രക്ഷാകർത്താക്കൾക്ക് തങ്ങളുടെ മക്കളുടെ പഠനനിലവാരം മനസ്സിലാക്കാൻ അവസരമൊരുക്കുന്നു. രക്ഷിതാക്കളുടെ അഭിപ്രായങ്ങൾ മാനിച്ച് കൊണ്ട് സ്കൂൾ പ്രവർത്തങ്ങൾ ആസൂത്രണം ചെയ്യുന്നു.

13. **ഭിന്നശേഷി സൗഹൃദ വിദ്യാലയം**

Children with special need വിദ്യാർത്ഥികളെ കണ്ടെത്തുകയും അവരെ Medical Board ലേയ്ക്ക് അയച്ച് അവർക്കു വേണ്ട പ്രത്യേക പരിഗണന ക്ലാസ് മുറികളിൽ നൽകി വരുന്നു. അവർക്ക് പ്രത്യേക പരീശീലനം നൽകുന്നതിനായി BRC യിൽ നിന്നും Resource അധ്യാപിക ആഴ്ചയിൽ 3 ദിവസം സ്കൂളിൽ എത്തുന്നു. അവർക്കു ലഭിക്കേണ്ട സ്കോളർഷിപ്പുകളും മറ്റു ധനസഹായവും യഥാസമയം ലഭ്യമാകുന്നു. സ്കൂളിൽ എത്താൻ സാധിക്കാത്ത രീതിയിൽ ശാരീരിക വിഷമതകൾ ഉളളവർ വീട്ടിലിരുന്ന് പഠിക്കുന്നു. അതിനു വേണ്ട പിന്തുണയും പഠനസഹായവും അവരുടെ ഭവനസന്ദർശനം നടത്തി നൽകുന്നു. ദിനാചരണങ്ങളിലും മറ്റ് ആഘോഷ പരിപാടികളിലും ഇവരുടെ പങ്കാളിത്തം ഉറപ്പു വരുത്തുന്നു.

14. **.ബോധ്വത്ക്കരണ ക്ലാസുകൾ**

ലഹരി വിമുക്ത വിദ്യാലയം എന്ന ലക്ഷ്യം മുൻനിർത്തി എല്ലാ വർഷവും മുഴുവൻ വിദ്യാർത്ഥികൾക്കും ബോധവത്ക്കരണക്ലാസുകൾ നടത്തിവരുന്നു.. കൂൾ, പാൻപ രാഗ് തുടങ്ങിയ ലഹരി വസ്തുകൾ ഉപയോഗിക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് കൗൺസലിംഗ് നൽകി വരുന്നു. ലഹരി വിരുദ്ധ ക്യാമ്പയിൻസിന്റെ ഭാഗമായി രക്ഷകർത്താക്കൾക്കും കുട്ടികൾക്കും ബോധവത്കരണ ക്ലാസ് നടത്തുന്നു. റ്റി എസ്സ് എസ്സ് വലിയതുറ ഹെൽത്ത് യൂണിറ്റ് എന്നിവയുമായി ചേർന്ന് കുട്ടികൾക്ക് വ്യക്തി ശുചിത്വം പകർച്ചവ്യാധി രോഗങ്ങൾ പോഷക ആഹാരം പേ വിഷബാധ എന്നിവയെ ക്കുറിച്ചും ക്ലാസുകൾ നടത്തി. റ്റി എസ് എസ് ന്റെ ആഭിമുഖ്യത്തിൽ വർഷം തോറും പത്താം ക്ലാസിലെ വിദ്യാർത്ഥികൾക്ക് മോട്ടിവേഷൻ ക്ലാസ് നല്കുന്നു.

**15. ഓണാഘോഷം**

മലയാളികളുടെ സംസ്ഥാനനോൽസവമായ ഓണം നമ്മുടെ വിദ്യാലയത്തിൽ ജാതി മത ഭേദമെന്യ ആഘോഷിക്കുന്നു. തിരുവാതിരക്കളി, വഞ്ചിപ്പാട്ട്, ഉറിയടി, വടംവലി തുടങ്ങിയ ആഘോഷപരിപാടികളും കൂടാതെ നിരവധി കലാ കായിക വിനോദങ്ങൾ നടത്തിയും മാവേലിയേയും വാമനനെയും വരവേറ്റും പൂക്കളമൊരുക്കിയും ഓണസദ്യ ഒരുക്കിയും സ്കൂളിൽ ഓണാഘോഷം സംഘടിപ്പിക്കുന്നു. ഓണാഘോഷത്തിൻെറ ഭാഗമായി സ്കൂൾ മുറ്റത്ത് അത്തപ്പൂക്കളമൊരുക്കുകയും ഊഞ്ഞാലിടുകയും ചെയ്യുന്നു. സ്കൂളിൽ വർണാഭമായി ഓണം ആഘോഷിക്കുന്നു.

**16. ക്രിസ്മസ് ആഘോഷം**

സമാധാനത്തിൻെറ പ്രതീകമായ ക്രിസ്തുവിൻെറ ജനനത്തിരുനാളായ ക്രിസ്മസ് സ്കൂളിൽ വിപുലമായി അഘോഷിക്കുന്നു. പുൽക്കൂടൊരുക്കിയും കരോൾ ഗാനങ്ങളാലപിച്ചും നൃത്തപരിപാടികൾ അവതരിപ്പിച്ചും സാന്താക്ലോസിനെ എതിരേറ്റും ക്രിസ്മസ് പരിപാടികൾ അഘോഷപൂർണമാകുന്നു. അന്നേദിവസം ക്രിസ്മസ് കേക്ക് മുറിച്ച് എല്ലാവരും ഒന്നായി സന്തോഷം പങ്കു വയ്ക്കുന്നു.

17. **ലിറ്റിൽ കൈറ്റ്സ്**

വിവര സാങ്കേതിക വിദ്യയുടെ സങ്കേതങ്ങളും ഉപകരണങ്ങളും സമർത്ഥമായും ഫൽപ്രദമായും ഉപയോഗിക്കാൻ വൈദഗ്ധ്യവും അഭിരുചിയുമുള്ള തലമുറയെ സർഗ്ഗാത്മകമായി പ്രയോജനപ്പെടുത്തുന്നതിനായി ‘ലിറ്റിൽ കൈറ്റ്സ്‘ എന്ന കുട്ടികളുടെ ഐടി കൂട്ടായ്മ പ്രവർത്തിച്ചു വരുന്നു.

ലിറ്റിൽ കൈറ്റ്സ് പദ്ധതിയിലെ ഓരോ അംഗത്തിനും വൈവിധ്യമാർന്ന പരിശീലനങ്ങളിലൂടെ കടന്നു പോകേണ്ടി വരുന്നു. അഭിരുചി പരീക്ഷയിലൂടെയാണ് അംഗങ്ങളെ തെരഞ്ഞെടുക്കുന്നത്. അംഗങ്ങൾക്ക് എല്ലാ ബുധാനാഴ്ചവും വൈകുന്നേരം 3.30 മുതൽ 4.30 വരെ നിശ്ചിത മോഡ്യൂൾ പ്രകാരം ക്ലാസ്സുകൾ നടത്തുന്നു. ഹൈടെക് ഉപകരണ പരിപാലനം ഗ്രാഫിക്സ് അനിമേഷൻ സ്ക്രാച്ച് പ്രോഗ്രാമിങ്, മൊബൈൽ ആപ്പ് നിർമ്മാണം, ആർഡിനോ ബ്ളോക്ക്ലി, പ്രോഗ്രാമിങ് നിർമ്മിത ബുദ്ധി, റോബോട്ടിക് ഇലക്ട്രോണിക്സ്, മലയാളം കമ്പ്യൂട്ടിങ്ങും ഡെസ്ടോപ്പ് പബ്ളിഷ്ങ് മീഡിയ, ഡോക്യൂമെൻേറഷൻ എന്നിങ്ങനെ വിവിധ മേഖലകളാണ് യൂണിറ്റ് തല പരിശീലനത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. കൂടാതെ ഡിജിറ്റൽ മാഗസിൻ , പ്ലസ് വൺ ഏകജാലക പ്രവേശനവുമായി ബന്ധപ്പെട്ട് ഹെൽപ് ഡെസ്ക്, സ്കൂൾ പ്രവർത്തനങ്ങളുടെ ഡോക്യൂമെന്റേഷൻ, പ്രമോ വീഡിയോ റോബോ ഫെസ്റ്റ് സാമൂഹിക പ്രതിബദ്ധതയുള്ള ഹ്രസ്വചിത്രങ്ങൾ എന്നിവയും ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ചെയ്യുന്നു.

ലിറ്റിൽ കൈറ്റ്സ് പ്രവർത്തന പദ്ധതിയിലൂടെ അംഗങ്ങൾ ആർജ്ജിച്ചെടുക്കുന്ന അറിവിനേക്കാൾ മറ്റുള്ളവരുടേയും ഗുണത്തിനും ഉന്നമനത്തിനും വേണ്ടി വിനിയോഗിക്കുന്നു. അംഗങ്ങൾ പരിശീലിക്കുന്ന പ്രവർത്തനങ്ങൾ സ്ക്കൂളിലെ മറ്റ് കുട്ടികൾക്കും പ്രത്യേകിച്ച് പ്രത്യേക പരിഗണന ലഭിക്കേണ്ട കുട്ടികൾക്കും (CSWN) പകർന്ന് നൽകുന്നു. രക്ഷിതാക്കൾക്കും സമൂഹത്തിനും ഉപകാരപ്രദമാവുന്ന

വൈവിധയമാർന്ന പ്രവർത്തനങ്ങൾ നടത്തുന്നു. സാങ്കേതിക വിദ്യയിൽ വൈദഗ്ധ്യമുളള പ്രഗൽഭരുടെ ക്ലാസുകൾ അംഗങ്ങൾക്ക് ലഭ്യമാകുന്നു.

## 18. സ്കൗട്ട്സ്

സ്കൗട്ട് പ്രസ്ഥാനമെന്നത് യുവാകൾക്കായി രൂപീകരിക്കപ്പെട്ട ഒരു വിദ്യാഭ്യാസ പ്രസ്ഥാനമാണ്. 1907 ൽ റോബർട്ട് ബേഡൻ പവൽ അണ് ഇത് സ്ഥാപിച്ചത്. സ്കൗട്ട് പ്രസ്ഥാനം വിദ്യാർത്ഥികളുടെ ശാരീരികവും മാനസികവുമായ കഴിവുകളെ വളർത്താൻ ലക്ഷ്യമിടുന്നു. യുവാക്കളെ ഉത്തരവാദിത്വമുളള പൗരന്മാരും പ്രാദേശിക ദേശിയ അന്തൽദേശിയ സമൂഹങ്ങളിൽ നല്ല പങ്കു വഹിക്കാൻ പ്രാപ്തരാകുന്നു. സഹജീവികളോഷുളള സ്നേഹവും പരസ്പരധാരണയും സഹകരണ മനോഭാവവും വഴി സാമൂഹിക വികസനം സാധ്യമാക്കാൻ സ്കൗട്ടുകൾക്ക് സാധിക്കുന്നു.

നമ്മുടെ സ്കൂളിൽ സേവന തത്പരരായ ഒരു കൂട്ടം വിദ്യാർത്ഥികൾ സ്കൗട്ടിൽ പ്രവർത്തിക്കുന്നു. സ്കൂൾ സ്പോർട്ടസ് മത്സരങ്ങളിലും യുവജനോത്സവങ്ങളിലും മറ്റും ഇവരുടെ പ്രവർത്തനം അഭിനന്ദനീയമാണ് . സ്കൂളിലെ ഏതൊരു പരിപാടികൾക്കും ഇവരുടെ പ്രവർത്തനം ഒഴിച്ചു കൂടാനാവാത്തതാണ്.

രാജ്യപുരസ്കാർ ലഭിക്കുന്ന വിദ്യാർത്ഥികൾക്കും രാഷ്ട്രാപതി പുരസ്കാരം ലഭിക്കുന്നവർക്കും സ്കൗട്ടിൽ പ്രവർത്തിച്ച് 80% ഹാജർ ലഭിക്കുന്നവർക്കും ഗ്രേസ് മാർക്ക് ലഭിച്ചു വരുന്നു

# തണൽ

ലക്ഷ്യങ്ങൾ

- സാമൂഹിക പ്രതിബദ്ധത വളർത്തുക
- പരിസ്ഥിതി സൗഹൃദ അവബോധം വളർത്തുക
- സ്വയം പര്യാപ്തത കൈതൊഴിലിലൂടെ
- അച്ചടക്ക മനോഭാവം വിദ്യാർത്ഥികളിൽ
- കുട്ടിയെ അറിയുക
- ലഹരി വിരുദ്ധ മനോഭാവം വളർത്തുക
- കായിക വൈദഗ്ധ്യം വളർത്തുക
- ഇംഗ്ളീഷ് ഭാഷാ പരിജ്ഞാനം വളർത്തുക

# മൂല്യാധിഷ്ഠിത വിദ്യാഭ്യാസം

## തണൽ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | ക്ലാസ് |
|---|---|---|---|
| **നേർക്കാഴ്ച**<br>സാമൂഹികപ്രതിബദ്ധത വളർത്തുക | • കടൽക്ഷോഭത്താൽ ദുരിതമനുഭവിക്കുന്ന കുടംബങ്ങളെ സന്ദർശിക്കൽ<br>• കുട്ടികളാൽ കഴിയുന്ന ധനസഹായം നൽകുന്നു. (വസ്ത്രം, അഹാരം പഠനോപകരണങ്ങൾ)<br>• കടൽതീര സന്ദർശനം | S.S<br>അധ്യാപകർ | 8<br>9<br>10 |
| **ഹരിതമോഹനം**<br>പരിസ്ഥിതി സൗഹൃദ അവബോധം | • മരങ്ങൾ നട്ടു പിടിപ്പിക്കുന്നു. സംരക്ഷിക്കുന്നു.<br>• കടലിലും സ്കൂൾ പരിസരത്തും പൊതുസ്ഥലങ്ങളിലും മാലിന്യം നിക്ഷേപിക്കുന്നതിനെതിരെ ബോധവത്ക്കരണം നടത്തുന്നു.<br>• Green Protocol പദ്ധതി നടപ്പിലാക്കുന്നു.<br>• Plastic free campus | മലയാളം<br>അധ്യാപകർ | 8<br>9<br>10 |
| **കർമ്മോത്സുകരാകാം**<br>സ്വയം പര്യാപ്തത കൈതൊഴിലിലൂടെ | • പേപ്പർ ബാഗ് സോപ്പ് ചന്ദനത്തിരി ചോക്ക് ലോഷൻ ഹാൻഡവാഷ് തുടങ്ങിയവയുടെ നിർമ്മാണ പരിശീലനം അമ്മമാർക്കും വിദ്യാർത്ഥികൾക്കും<br>• തയ്യൽ പരിശീലനം | S.S<br>അധ്യാപകർ<br>ഗാന്ധി ദർശൻ ക്ലബ് | 8<br>9<br>10 |
| **കുട്ടിക്കൂട്ടം അച്ചടക്കം**<br>അച്ചടക്ക മനോഭാവം വിദ്യാർത്ഥികളിൽ | • പേപ്പർ ബാഗ്, സോപ്പ്, ചന്ദനത്തിരി, ചോക്ക്, ലോഷൻ, ഹാൻഡവാഷ് തുടങ്ങിയവയുടെ നിർമ്മാണ പരിശീലനം അമ്മമാർക്കും വിദ്യാർത്ഥികൾക്കും<br>• പുസ്തകങ്ങൾ വായിക്കാൻ നല്കുന്നു.<br>• ഗുണപാഠമുള്ള ഡോക്യുമെൻററി സിഡികളിലൂടെ ബോധവത്ക്കരണം<br>• വ്യക്തിത്വ വികസന ക്ലാസുകൾ വിദഗ്ധർ വഴി<br>• Mental Health Centre സന്ദർശനം<br>• Scout യൂണിറ്റ് പ്രവർത്തനം<br>• ആരോഗ്യ ശുചിത്വ പരിപാലന ക്ലാസുകൾ വിദഗ്ധർ വഴി<br>• Portfolio Format തയ്യാറുകുന്നു. | അധ്യാപകർ<br>രക്ഷകർത്താക്കൾ | 8<br>9<br>10 |
| **അകക്കണ്ണ്**<br>കുട്ടിയെ അറിയുന്നു | • ഭവനസന്ദർശനം<br>• ജീവിത പശ്ചാത്തലം മനസ്സിലാകുന്നു.<br>• കുട്ടിയുടെ വൈകാരിക മാനസിക ബൗദ്ധിക തലങ്ങളിൽ കൈത്താങ്ങാകുക<br>• കൗൺസലിങ് സേവനം നൽകുന്നു. | ക്ലാസ്<br>അധ്യാപകർ | 8<br>9<br>10 |
| | | | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | ക്ലാസ് |
|---|---|---|---|
| **മുക്തി**<br><br>ലഹരി വിരുദ്ധ മനോഭാവം വളർത്തുക | • ക്ലാസ് അധ്യാപകരുടെ സഹായത്താൽ ലഹരിവസ്തുക്കളോട് അസക്തിയുള്ളവരെ കണ്ടെത്തുന്നു.<br>• വിദഗ്ധരുടെ ക്ലാസുകൾ സംഘടിപ്പിക്കുന്നു.<br>• രക്ഷാകർത്താക്കളെ ബോധവത്കരിക്കുന്നു.<br>• ഷോർട്ട് ഫിലിം ഡോക്യുമെൻററി പ്രദർശിപ്പിക്കുന്നു<br>• പ്രതീക്ഷ Deddition Centre സന്ദർശനം | അധ്യാപകർ<br><br>രക്ഷകർത്താക്കൾ<br><br>സാമൂഹിക പ്രവർത്തകർ | |
| **CHAMPIONS**<br><br>കായിക വൈദഗ്ധ്യം വളർത്തുക | • ഫുഡ്ബോൾ പരിശീലനം വൈകുന്നേരങ്ങളിൽ<br>• Interschool, State competitionനുകളിൽ പങ്കെടുപ്പിക്കുന്നു<br>• Sportsors ൻെറ സഹായത്താൽ sports kit നൽകുന്നു | PTA<br>അധ്യാപകർ | |
| **DREAMS**<br><br>English ഭാഷാ പരിജ്ഞാനം വളർത്തുക | • ആഴ്ചയിലൊരു ദിവസം communication English class സംഘടിപ്പിക്കുന്നു<br>• Assembly English ഭഷയിൽ സംഘടിപ്പിക്കുന്നു<br>• Thought for the day roll no. ക്രമത്തിൽ അവതരിപ്പിക്കുന്നു | ക്ലാസ് അധ്യാപകർ | |
| **അക്ഷരദീപം**<br><br>അക്ഷരം ഉറപ്പിക്കൽ വായിക്കാനും എഴുതാനും കുട്ടികളെ പ്രാപ്തരാക്കൽ | • അധ്യാപകർ കുട്ടികളെ English മലയാളം വായിപ്പിക്കുകയും എഴുതിപ്പിക്കുകയും ചെയ്തതിൻെറ അടിസ്ഥാനത്തിൽ ഭാഷ കൈകാര്യം ചെയ്യുന്നതിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗ്രൂപ്പുകളായി തിരിക്കുകയും അക്ഷരദീപം പദ്ധതിയ്ക്ക് രൂപം നൽകുകയും ചെയ്തു | | |

# ദിനാചരണങ്ങൾ
# ക്ലബ് പ്രവർത്തനങ്ങൾ

## ദിനാചരണങ്ങൾ / ക്ലാസ് പ്രവർത്തനം

## മലയാളം ക്ലാസ്സ്

| Sl.NO | Month/ Date | ദിവസത്തിന്റെ പ്രധാന്യം | പ്രവർത്തനങ്ങൾ |
|---|---|---|---|
| 1 | June 19 | വായനാചരണം | • വായനാ മത്സരം (ഇംഗ്ലീഷ്, ഹിന്ദി, മലയാളം)<br>• ക്വിസ്<br>• പുസ്തകാപ്രദർശനം പ്രസംഗം (ഇംഗ്ലീഷ്, ഹിന്ദി, മലയാളം)<br>• എഴുത്തുകാരെ പരിചയപ്പെടൽ ഉപന്യാസം (ഇംഗ്ലീഷ്, ഹിന്ദി, മലയാളം) |
| 2 | July 5 | ബഷീർ അനുസ്മരണം | • ബഷീർ കൃതികൾ പരിചയപ്പെടൽ<br>• ക്വിസ്<br>• പുസ്തകാസ്വാദനം<br>• ബഷീർ കഥാപാത്രങ്ങളുടെ പുനരാവിഷ്കരണം |
| 3 | July 27 | അബ്ദുൾ കലാം ഓർമ്മ ദിനം | • ക്വിസ് (ഇംഗ്ലീഷ്, ഹിന്ദി, മലയാളം)<br>• പ്രസംഗം (ഇംഗ്ലീഷ്) |
| 4 | Aug 15 | സ്വാതന്ത്ര്യദിനം | • ഉപന്യാസം (ഇംഗ്ലീഷ്, ഹിന്ദി, മല യാളം)<br>• പ്രസംഗം(ഇംഗ്ലീഷ്, ഹിന്ദി, മലയാളം)<br>• ദേശഭക്തിഗാനം (ഹിന്ദി, മലയാളം)<br>• റാലി |
| 5 | | ഓണം | • നാടൻപാട്ട് (മലയാളം)<br>• പ്രസംഗം<br>• ഓണപ്പാട്ട് |
| 6 | Sep5 | അധ്യാപകദിനം | • സന്ദേശം (ഇംഗ്ലീഷ്, ഹിന്ദി, മലയാളം)<br>• പ്രസംഗം<br>• മുതിർന്ന അധ്യാപകരെ ആദരി ക്കൽ<br>• സ്കൂളിന്റെ ചുമതല കുട്ടികളെ ഏൽപ്പിക്കുന്നു. കുട്ടികളിൽ നിന്ന് മികച്ച വരെ കണ്ടെത്തുന്നു |
| 7 | Sep 14 | ദേശിയ ഹിന്ദി ദിനം | • അസംബ്ളി (ഹിന്ദി)<br>• പ്രസംഗം<br>• സന്ദേശം<br>• ഉപന്യാസം<br>• കവിതാലാപനം |
| 8 | Oct 1 | ലോക വയോജന ദിനം | • ആശംസാ കാർഡ് നിർമ്മാണം<br>• മുതീർന്നവരെ ആദരിക്കൽ |

| Sl.NO | Month/ Date | ദിവസത്തിന്റെ പ്രധാന്യം | പ്രവർത്തനങ്ങൾ |
|---|---|---|---|
| 9 | Oct 2 | ഗാനധിജയന്തി വാരാഘോഷം | • പ്രസംഗം<br>• സ്കിറ്റ്<br>• പുഷ്പാർച്ചനാ<br>• കവിതാലാപനം<br>• ക്വിസ്<br>• ചിത്രരചന<br>• ദേശഭക്തിഗാനം<br>• ശുചീകരണം<br>• ലഹരിവിരുദ്ധ ബോധവത്കരണം<br>• സോപ്പ്, ലോഷൻ നിർമ്മാണം<br>• വ്യക്തി ശുചിത്വം<br>• ക്വിസ്<br>• യോഗ പരിശീലനം |
| 10 | Oct 10 | ദേശീയ തപാൽ ദിനം | • കത്ത് തയ്യാറക്കൽ<br>• പോസ്റ്റ് ഓഫീസ് സന്ദർശനം<br>• ഉപന്യാസം<br>• സ്റ്റാമ്പ് പ്രവർത്തനം |
| 11 | Oct 15 | ലോക കൈ കഴുകൽ ദിനം | • വ്യക്തി ശുചിത്വ ബോധവത്കരണം |

**<u>ദിനാചരണങ്ങൾ / ക്ലാസ് പ്രവർത്തനം</u>**

**<u>സോഷ്യൽ സയൻസ് ക്ലാസ്സ്</u>**

| **Sl.NO** | **Month/ Date** | **ദിവസത്തിന്റെ പ്രധാന്യം** | **പ്രവർത്തനങ്ങൾ** |
|---|---|---|---|
| 1 | July 21 | ചന്ദ്രദിനം | ക്വിസ് മത്സരം സ്കൂൾ അസംബ്ളിയിൽ സംഘടിപ്പിച്ചു. |
| 2 | August 6 | ഹിരോഷിമദിനം | യുദ്ധ വിരുദ്ധ മുദ്രാവാക്യങ്ങൾ സൂചിപ്പിക്കുന്ന പ്ലഗ് കാർഡുകൾ കുട്ടികൾ നിർമ്മിക്കുകയും ക്ലാസ്സിൽ പ്രദർശിപ്പിക്കുകയും ചെയ്തു. അതോടൊപ്പം ക്വിസ് മത്സരം നടത്തി |
| 3 | August 15 | സ്വാതന്ത്ര്യദിനം | ക്വിസ് മത്സരം, റാലി എന്നിവ സംഘടിപ്പിച്ചു. |
| 4 | September 16 | ഓസോൺദിനം | ഓസോൺ ശോഷണത്തിന്റെ ദൂഷ്യവശങ്ങളെ കുറിച്ച് ഉപന്യാസ മത്സരം നടത്തി |
| 5 | October 2 | ഗാന്ധിജയന്തി | ഗാന്ധിജിയുടെ മഹത് വചനങ്ങൾ ഉൾകൊള്ളുന്ന പ്ലകാർഡുകൾ പ്രദർശിപ്പിച്ചു. |
| 6 | November 1 | കേരളപ്പിറവി ദിനം | കേരളത്തിലെ നവോത്ഥാന നായകൻമാരുടെ ചിത്രശേഖരണം നടത്തി |
| 7 | December 2 | അന്തരാഷ്ട്രാ അടിമത്ത നിരോധന ദിനം | അടിമത്തത്വത്തെ നിരുത്സാഹപ്പെടുത്തുന്ന രീതിയിലുള്ള പ്രസംഗ മത്സരം നടത്തി |
| 8 | January 30 | രക്തസാക്ഷിദിനം | ഇന്ത്യയ്ക്ക് വേണ്ടി ജീവൻ ബലിയർപ്പിച്ച മഹാൻമാരുടെ പവസ്തകങ്ങൾ ലൈബ്രറിയിൽ നിന്നും നൽകി കൊണ്ട് അത് വായിക്കാനുള്ള അവസരം കുട്ടികൾക്ക് നൽകി |
| 9 | February 13 | ഏബ്രഹാം ലികന്റെ ജന്മദിനം | അമേരിക്കയിൽ അടിമത്തം നിരോധിച്ച ഏബ്രഹാം ലികന്റെ ജീവിതത്തെ കുറിച്ചുള്ള short stories it ലാബിൽ കുട്ടികൾക്കായി പ്രദർശിപ്പിക്കുന്നു |
| 10 | March 8 | അന്താരാഷട്രാ വനിതാ ദിനം | സ്ത്രീ ശാക്തികരണതെതക്കുറിച്ചുള്ള പ്രസംഗമത്സരം നടതതി |

## ദിനാചരണങ്ങൾ / ക്ലാസ് പ്രവർത്തനം

## സയൻസ് ക്ലാസ്സ്

| Sl.NO | Month/ Date | ദിവസത്തിന്റെ പ്രധാന്യം | പ്രവർത്തനങ്ങൾ |
|---|---|---|---|
| 1 | June 5 | ലോക പരിസ്ഥിതി ദിനം | • പോസ്റ്റർ രചന<br>• ചിത്രരചന<br>• ക്വിസ്<br>• വൃക്ഷതൈ നടൽ<br>• അടുക്കളത്തോട്ട നിർമ്മാണം |
| 2 | June 26 | അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനം | • ലഹരി വിരുദ്ധ പ്രതിജ്ഞ<br>• ലഹരി വിരുദ്ധ ക്വിസ്,പോസ്റ്റർ രചന<br>• ബോധവത്ക്കരണ ക്ലാസ്<br>• റാലി |
| 3 | July 1 | Doctor’s Day | Intration with a doctor |
| 4 | July 21 | ചാന്ദ്രദിനം | • ഡോക്യുമെന്ററി പ്രദർശനം<br>• ക്വിസ്,ചാന്ദ്രദിന വായന<br>• ചാന്ദ്രദിന ഗാനം<br>• ചാന്ദ്രദിനപതിപ്പ് നിർമ്മാണം |
| 5 | July 27 | അബ്ദുൾ കലാം ഓർമ്മ ദിനം | • പ്രസംഗമത്സരം<br>• ഉപന്യാസ മത്സരം |
| 6 | July 28 | ലോകപ്രകൃതി സംരക്ഷണ ദിനം | • ക്വിസ്<br>• ചിത്രരചന,കൊളാഷ് നിർമ്മാണം<br>• ഭവനങ്ങളിൽ വൃക്ഷത്തൈ നടൽ<br>• പ്ലാസ്റ്റിക് നിർമ്മാർജ്ജനം<br>• പേപ്പർ പെൻ ബാഗ് നിർമ്മാണം |
| 7 | July 29 | ലോക കടുവ ദിനം | • ഡോക്യുമെന്ററി |
| 8 | Aug 13 | അവയവ ദാന ദിനം | • ബോധവത്ക്കരണക്ലാസ് |
| 9 | Aug 15 | സ്വാതന്ത്ര്യദിനം | • ആൽബം നിർമ്മാണം |

| Sl.NO | Month/ Date | ദിവസത്തിന്റെ പ്രധാന്യം | പ്രവർത്തനങ്ങൾ |
|---|---|---|---|
| 10 | Aug 17 | കർഷകദിനം | • കർഷകനുമായി അഭിമുഖം നടത്തി നൂതന കൃഷിരീതികൾ മനസിലാക്കുന്നു. |
| 11 | Sep 16 | ഓസോൺ ദിനം | • ഓസോൺ ദിനവുമായി ബന്ധപ്പെട്ട് തെരുവുനാടകം<br>• Video Presentation<br>• റാലി |
| 13 | Sep 28 | ലോക പേവിഷബാധ ദിനം | • ബോധവത്ക്കരണക്ലാസ്<br>• പേവിഷബാധയ്ക്കെതിരായ പ്രതിജ്ഞ |
| 14 | Sep 29 | ലോക ഹൃദയ ദിനം | • ഹൃദ്രോഗവുമായി രോഗിയുമായി ബന്ധപ്പെട്ട ബോധവത്ക്കരണക്ലാസ് |
| 15 | Oct 1 | ലോക വൃദ്ധ ദിനം | • വയോജനങ്ങളെ ആദരിക്കുകയും അവരുടെ അനുഭവങ്ങൾ കുട്ടികളുമായി പങ്കു വയ്ക്കുകയും ചെയ്യുന്നു. |
| 16 | Oct 2 | ഗാന്ധിജയന്തി | • അടുക്കളത്തോട്ട നിർമ്മാണം<br>• സ്കൂൾ ശുചികരണം<br>• പ്ലാസ്റ്റിക് മാലിന്യ ശേഖരണം |
| 17 | Oct 2 | വന്യജീവിസംരക്ഷണദിനം | • കേരളത്തിലെ വിവിധ വന്യജീവി സങ്കേതങ്ങളെകുറിച്ച് വിവര ശേഖരണം<br>• വംശനാശഭീഷണി നേരിടുന്ന വന്യമൃഗങ്ങളെ കുറിച്ച് ആൽബം നിർമ്മാണം. |
| 18 | Oct 16 | ലോക ഭക്ഷ്യദിനം | • ഡോക്യുമെന്ററി<br>• പൊതിച്ചോറ് വിതരണം<br>• നാടൻ ഭക്ഷ്യമേള<br>• ആരോഗ്യകരമായ ഭക്ഷണശീലങ്ങൾ ബോധവത്കരണം |
| 19 | Oct 23 | അന്താരാഷ്ട്ര മോൾ ദിനം | Improvised Aids workshop |
| 20 | Nov 1 | കേരളപ്പിറവി | • കേരളപ്പിറവിയ്ക്കു ശേഷമുള്ള ശാസ്ത്ര പുരോഗതി - സംവാദം |
| 21 | Nov 7 | ക്യാൻസർ ബോധവത്കരണദിനം | • ബോധവത്ക്കരണക്ലാസ് |

| | | | |
|---|---|---|---|
| **Sl.NO** | **Month/ Date** | **ദിവസത്തിന്റെ പ്രധാന്യം** | **പ്രവർത്തനങ്ങൾ** |
| 22 | Nov 10 | അന്താരാഷ്ട്രാ ശാസ്ത്ര ദിനം | • ശാസ്ത്രജ്ഞന്റെജീവചരിത്ര കുറിപ്പ് തയ്യാറാക്കൽ<br>• പഠനയാത്ര<br>• സയൻസ് മാഗസിൻ |
| 23 | Nov 12 | പക്ഷി നിരീക്ഷണ ദിനം | • ചുറ്റുവട്ടത്ത് കാണുന്ന പക്ഷികളെ നിരീക്ഷിച്ച് കുറിപ്പ് തയ്യാറാക്കൽ<br>• ഡോക്യുമെന്ററി |
| 24 | Nov 14 | ശിശുദിനം<br>ലോക പ്രമേഹദിനം | • ഉപന്യാസമത്സരം<br>• ബോധവത്ക്കരണക്ലാസ് |
| 25 | Nov 26 | ദേശീയ ക്ഷീര ദിനം | • Milma Dairy Farm ലേക്ക് പഠനയാത്ര |
| 26 | Dec 1 | ലോക എയ്ഡ്സ് ദിനം | • റാലി<br>• ബോധവത്ക്കരണക്ലാസ്<br>• പോസ്റ്റർ രചന |
| 27 | Dec 14 | ഊർജ്ജസംരക്ഷണ ദിനം | • വർക്ക് ഷോപ്പുകൾ<br>• ബോധവത്ക്കരണക്ലാസ് |
| 28 | Jan 24 | ബാലികദിനം | • ബോധവത്ക്കരണക്ലാസ് |
| 29 | Jan 26 | കുഷ്ഠരോഗ നിവാരണ ദിനം | • ബോധവത്ക്കരണക്ലാസ് |
| 30 | Feb 12 | ചാൾസ് ഡാർവിൻ ദിനം | • ഡോക്യുമെന്ററി |
| 31 | Mar 8 | ലോക വൃക്കദിനം | • ബോധവത്ക്കരണക്ലാസ് |
| 32 | Mar 16 | വാക്സിനേഷൻ ദിനം | • ബോധവത്ക്കരണക്ലാസ്<br>• വാക്സിനേഷൻ ചാർട്ട് തയ്യാറാക്കൽ |
| 33 | Mar 22 | ലോക ജല ദിനം | • പോസ്റ്റർ രചന<br>• ചിത്രരചന<br>• പഠനയാത്ര<br>• മഴവെള്ളസംഭരണി നിർമ്മാണം |

# ഗണിതാശാസ്ത്ര ക്ലാസ്സ്

| Sl.NO | Month/ Date | ദിവസത്തിന്റെ പ്രധാന്യം | പ്രവർത്തനങ്ങൾ |
|---|---|---|---|
| 1 | Aug 10 | സ്വാതന്ത്ര്യദിനം | National flag drawing competition |
| 2 | Sept.24 | ഓണാഘോഷം | Geometric Pattern drawing competition |
| 3 | Sept 28 | ഗണിതശാസ്ത്ര മേള | Exhibition of number charts, geomatric charts, still model, working model, games & puzzles |
| 4 | Oct 4-10 | Space week | Visit to VSSC |
| 5 | Nov 10 | | Making solid shapes |
| 6 | Nov 20 | | ക്ലൈനോമീറ്റർ ഉപയോഗിച്ച് കൊണ്ട് സ്ക്കൂളിലെ കൊടി മരത്തിന്റെ ഉയരം കണകാക്കാൻ മനസിലാക്കി കൊടുക്കുന്നു. |
| 7 | Dec 22 | Mathematic Day | • Maths quiz<br>• Maths puzzles<br>• Magic square making Skit related to ramanujan<br>• Card making related to maths day/poster |

# നറുമൊഴി മലയാളം

പഠിച്ച അധ്യായങ്ങൾ ഉൾകൊണ്ട് അതിനെ മറ്റൊരു വ്യവഹാരത്തിലേക്ക് മാറ്റുക എന്നത് ഭാഷാ പഠനത്തിൽ വളരെ പ്രാധാന്യംഅർഹിക്കുന്നു. എന്നാൽ എല്ലാ കുട്ടികൾക്കും ആതലത്തിലേക്ക് എത്തിച്ചേരാൻ പ്രയാസം അനുഭവപ്പെടുന്നുവെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ കുട്ടികളിൽ സർഗ്ഗാനമകത വികസിപ്പിക്കുവാൻ ആവശ്യമായ പ്രവർത്തനപദ്ധതി തയ്യാറാക്കുവാൻ തീരുമാനിച്ചു.

## മേഖല – ഹൈസ്കൂൾ – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 3) കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച<br>3. വായനക്കുറിപ്പ്, പതിപ്പ്<br>4. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>5. ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>6. സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>7. വ്യക്തിഗത രചന, സംഘ രചന<br>8. ഭാഷ പ്രോജക്ട്<br>9. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം, സംവാദം<br>10. സാഹിത്യ-സാംസ്കാരിക ചിത്ര ഗ്യാലറി | 6 മാസം | ലൈബ്രറി, പുസ്തകങ്ങൾ, ഫോട്ടോകൾ, പുസ്തകങ്ങൾ | പി.ടി.എ, അധ്യാപകർ |
| 4) സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1. പ്രസംഗ പരിശീലന കളരി<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുന്നു.<br>4. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക. | 6 മാസം, (ജൂലൈ-ഡിസംബർ) | ഓഡിയോ, വീഡിയോ | ട്രെയിനർ, അധ്യാപകർ |

## മേഖല – ഹൈസ്കൂൾ – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം-അടിക്കുറിപ്പ്<br>9. ചിത്രം-കഥ എഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | 2 മാസം, (ആഗസ്ത്, സെപ്തംബർ) | പുസ്തകങ്ങൾ, ചിത്രങ്ങൾ | പി.ടി.എ, അധ്യാപകർ |
| 2) കുട്ടിയെ മികച്ച വായനക്കാരനാക്കുക. | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. സമീപ ഗ്രന്ഥശാല അംഗത്വം<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പത്രവായന<br>6. പുസ്തക ചർച്ച<br>7. വായനാനുഭവം<br>8. വായനാക്കുറിപ്പ് പതിപ്പ്<br>9. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>10. ദിനാചരണം<br>11. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>12. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും.<br>13. ആസ്വാദകരമായ വായന<br>14. ഇ-വായന | 6 മാസം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ്, കമ്പ്യൂട്ടർ | പി.ടി.എ, അധ്യാപകർ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ അറബിക്

## *നിലാവ്*

പൊതുവിദ്യാഭ്യാസ സംരക്ഷണത്തിൻെറയും വിദ്യാഭ്യാസ ശാക്തീകരണത്തിൻെറയും ആദ്യപടിയായ അക്കാദമിക് മാസ്റ്റർ പ്ലാൻ നിർമ്മാണത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഒരിനം തന്നെയാണ് ഭാഷാപഠനം. ലോകഭാഷയായ ഇംഗ്ലീഷിനൊപ്പം നമ്മുടെ വിദ്യാലയത്തിൽ അറബിയും പഠിപ്പിക്കുന്നു. എന്നത് വളരെ അഭിനന്ദനാർഹമാണ്. അക്കാദമിക് പ്ലാൻ നിർമ്മാണത്തിൽ ഏറ്റവും പ്രധാനപ്പെട്ടത് ഭാഷാ സ്വായത്തമാക്കുവാനുള്ള വ്യത്യസ്ത വഴികൾ ഉണ്ടാക്കുകയും ഭാഷാപഠനത്തിൽ നേരിടുന്ന പ്രശ്നങ്ങൾ കണ്ടെത്തുകയും അതിന് പ്രതിവിധി ആരായുകയും ആണ്. ഒരു പരിധി വരെ ഭാഷാപഠനത്തിൽ പ്രയാസം സൃഷ്ടിക്കുന്നത് പ്രത്യേകിച്ച് അറബി ഭാഷയെ സംബന്ധിച്ചിടത്തോളം അക്ഷരങ്ങളുടെ വ്യത്യാസത്തിൽ വരുന്ന രൂപമാറ്റങ്ങ തന്നെയാണ്. അറബി ഭാഷയിലെ അക്ഷരങ്ങൾ ഒരു വാക്കിൻെറ ആദ്യത്തിലും മധ്യത്തിലും അവസാനിക്കാതെ വരുമ്പോൾ വ്യത്യസ്ത രൂപത്തിൽ ആണ് എഴുതുന്നത്.

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ / സാമ്പത്തികം |
|---|---|---|---|---|
| അറബി ഭാഷാപഠനവും അതിനോടൊപ്പം അറബി ഭാഷയിൽ നന്നായി ആശയവിനിമയം നടത്താനുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക | • മുന്നറിവ് പരിശോധിക്കൽ<br>• വാചകങ്ങൾ നിർമ്മിക്കൽ<br>• ഭാഷ കളികൾ പാഠഭാഗവുമായി ബന്ധപ്പെട്ട വിഡിയോ ഓഡിയോ സംവിധാനങ്ങൾ ഉപയോഗിക്കൽ<br>• അറബിഭാഷാ കൂടുതലായി കേൾക്കാനും സംസാരിക്കാനുമുള്ള അവസരങ്ങൾ ഐ സി റ്റിയുടെ സഹായത്താൽ നൽകുന്നു.<br>• അറബി സിനിമകൾ കാണിക്കുന്നു.<br>• കഥകൾ കവിതകൾ കേൾപ്പിക്കുന്നു കേൾക്കുന്നു. | 3 മാസം | പുസ്തകങ്ങൾ<br>സിഡികൾ<br>ചാർട്ടുകൾ<br>പത്രങ്ങൾ | PTA<br>SMC |
| കരിക്കുലം ലക്ഷ്യം വയ്ക്കുന്നു. അറബി ഭാഷാ പഠനനേട്ടങ്ങൾ മുഴുവൻ | • വായന മത്സരം<br>• ക്ലാസ്സ് ലൈബ്രറി<br>• സ്കൂൾ ലൈബ്രറി<br>• കുട്ടികളുടെ മാഗസിൻ | 5 മാസം | പുസ്തകങ്ങൾ<br>മാഗസിൻ | PTA<br>SMC |

| | | | | |
|---|---|---|---|---|
| കുട്ടികളിലും ഉറപ്പു വരുത്താൻ | • അറബിക് പത്രവായന<br>• അറബിക് വാർത്താചാനലുകൾ<br>• റേഡിയോ | | പത്രങ്ങൾ<br>ലൈബ്രറി | |
| വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വളർത്തുന്നതിനുള്ള അവസരം ക്ലാസിൽ സൃഷ്ടിക്കൽ | • കൈയെഴുത്ത് മാഗസിൻ നിർമ്മാണം<br>• പോസ്റ്റർ നിർമ്മാണം<br>• അസ്വാദനക്കുറിപ്പ് നീർമ്മാണം<br>• അറബിക് പത്രകട്ടിംഗ് ശേഖരണം | 11 മാസം | ചാർട്ടുകൾ<br>പത്രങ്ങൾ | PTA<br>SMC |
| ഭാഷാ പഠനത്തിലൂടെ ഉയർന്ന പൗരത്വബോധവും മൂല്യബോധവും മനോഭാവങ്ങളും വളർത്തൽ | • പഠനയാത്രകൾ<br>• അനുഭവകുറിപ്പുകൾ<br>• ഡയറികുറിപ്പുകൾ<br>• യാത്രാവിവരണം<br>• മേളകൾ സംഘടിപ്പിക്കൽ | 25 മാസം | ചാർട്ടുകൾ<br>പത്രങ്ങൾ | PTA<br>SMC<br>RMSA |
| സർഗ്ഗാത്മകഴിവുകൾ വികസിപ്പിക്കൽ | • ചിത്രീകരണങ്ങൾ<br>• അസംബ്ളി<br>• സംഭാഷണങ്ങൾ<br>• ക്വിസ് മത്സരങ്ങൾ<br>• മുഷാറ<br>• സിനിമ<br>• നിഘണ്ടു നിർമ്മാണം | 36 മാസം | പുസ്തകങ്ങൾ<br>സിഡികൾ<br>ചാർട്ടുകൾ<br>പത്രങ്ങൾ | PTA<br>SMC<br>RMSA |

# DREAMS

English in India is a symbol of people's aspiration for quality in education. English enjoys a status which no other language has. It is a language of trade, commerce, higher education, science and internet. In spite of all of all, proficiency in English remains a distant dream to most learners. So necessary steps should be taken to achieve the dreams.

# DREAMS – ENGLISH

| Objectives | Activities | Time | Charge | Class |
|---|---|---|---|---|
| Empowering the students with listening, speaking, reading and writing skills in English | **English Assembly**<br>Under taking efforts to conducting assembly in English and periodic participation of each class.<br>**Extempore Speech**<br>Teacher gives a topic in the class and asks children to speak 2-3 minutes about it. Encourages students to speak in English in the class.<br>**Role Play**<br>Facilitating role play among students thereby helping them to develop speaking skills.<br>**English Reading**<br>Taking steps to provide interesting story books to students under the supervison of teacher and encouraging students to write stories in their own words.<br>**Vocbulary Games**<br>Reward based vocabulary tests including crossword puzzles and other vocabulary games.<br>**Symmary Writing**<br>Subscribing to English dailites such as " The Hindu and Indian Express" and encouraging the students to reads news and come up with a summary of it each day<br>**Audio Visual Aids**<br>Helping students get exposure in visual media such as interesting and informative videos in English and help them to develop conversational skills and moral Values. | June/<br>July<br>Aug<br>Sep –<br>Oct<br>Nov<br>Dec<br>Feb | English<br>Teacher<br>s | 8<br>9<br>10 |

| | | | | |
|---|---|---|---|---|
| | | | | |

# ചിറകുകൾ

ഹിന്ദി ഭാരതത്തിന്റെ രാഷ്ട്രഭാഷയാണ്. ഹിന്ദി ഭാരതത്തിന്റെ ഐക്യത്തിനും കെട്ടുറപ്പിനും ഏറെ സഹായകരമാണ്. സാധാരണ കുട്ടികൾക്ക് ഹിന്ദി വളരെ പ്രയാസമേറിയ ഒരു വിഷയമാണെങ്കിലും ഹിന്ദി ഇഷ്ടപ്പെടുന്ന ധാരാളം കുട്ടികളും ഉണ്ട്. പിന്നോക്കം നിൽകുന്ന കുട്ടികളെ മുന്നോട്ടു കൊണ്ടു വരുവാൻ ഉതകുന്ന പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്.

# ചിറകുകൾ - ഹിന്ദി

| ലക്ഷ്യം | പ്രവർത്തനം | ക്ലാസ്സ് | കാലം | ചുമതല |
|---|---|---|---|---|
| ദേശിയ ഭാഷാ എന്ന നിലയിൽ ഹിന്ദി ഒഴുക്കോടെയും ഉച്ചാരണശുദ്ധിയോടെയും വായിക്കാനുള്ള കഴിവ് വളർത്തിയെടുക്കുക | • വായനയിലെ പരിമിതികൾ മനസ്സിലാകാൻ ശ്രമിക്കുന്നു.<br>• വായനയ്ക്കുള്ള കാർഡുകൾ അക്ഷരങ്ങൾ ഉറപ്പിക്കാനുള്ള ശ്രമങ്ങൾ നടത്തുന്നു | 8<br>9<br>10 | ജൂൺ<br>ജൂലൈ | അധ്യാപകർ |
| ഹിന്ദി ഭാഷാ വ്യവഹാരങ്ങൾ തെറ്റു കൂടാതെ എഴുതാനുള്ള ശേഷി വികസിപ്പിക്കുക | • ദിനം പ്രതി ഒരു ഹിന്ദി വാക്ക്<br>• വായന കാർഡ് നിർമ്മാണം<br>• ഹിന്ദി കൈയെഴുത്ത് പതിപ്പ് | 8<br>9<br>10 | ആഗസ്റ്റ്<br>ഡിസംബർ | അധ്യാപകർ |
| എല്ലാ കുട്ടികളിലും ഹിന്ദിയിൽ സംസാരിക്കുന്ന ശീലം ഉണ്ടാകുക | • അധ്യാപകർ ഹിന്ദി ക്ലാസുകളിൽ ഹിന്ദിയിൽ മാത്രം സംസാരിക്കുകയും കുട്ടികളെ ഹിന്ദിയിൽ സംസാരിപ്പിക്കാനുള്ള അവസരം സൃഷ്ടിക്കുക | 8<br>9<br>10 | ആഗസ്റ്റ്<br>മാർച്ച് | അധ്യാപകർ |
| ഹിന്ദി വായിച്ച് അതിൻെറ ആശയം മനസ്സിലാക്കാൻ പ്രാപ്തരാകുക | • ചെറിയ ചെറിയ കഥകളും കവിതകളും വായിച്ച് അതിൻെറ ആശയം സ്വയം എഴുതാനും വായിക്കുവാനും സാധിക്കണം | 9<br>10 | ആഗസ്റ്റ്<br>മാർച്ച് | അധ്യാപകർ |
| ഭാഷാ പഠനത്തിലൂടെ പാർശ്വവൽക്കരിക്കപ്പെട്ടവരെ മുഖ്യധാരയിലെത്തിക്കുക | • എക്സ്ട്രാ ആക്റ്റിവിറ്റീസ് കൈത്താങ്ങ് ഗൃഹസന്ദർശനം | 8<br>9<br>10 | ജൂലൈ<br>മാർച്ച് | അധ്യാപകർ |

# ഗണിതം നിത്യജീവിതത്തിൽ

നിത്യജീവിതത്തിൽ ഏറ്റവും കൂടുതൽ സ്വാധീനം ചെലുത്തുന്ന ശാസ്ത്രശാഖയാണ് ഗണിതശാസ്ത്രം. ഗണിതത്തിൽ കുട്ടികൾക്ക് താത്പര്യം വർദ്ധിപ്പിക്കുന്നതിനും ഗണിതവുമായി ബന്ധപ്പെട്ട പഠനപ്രവർത്തനങ്ങൾ നിത്യജീവിതത്തിൽ പ്രാവർത്തിക മാക്കുന്നതിനും കുട്ടികളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെയാണ് 'ഗണിതം നിത്യജീവിതത്തിൽ' എന്ന പേരിൽ കുട്ടികൾക്ക് നൽകുന്ന ഓരോ പ്രവർത്തനവും ഒരു കുട്ടിയുടെ വ്യക്തി ജീവിതത്തിലും അവൻ ആയിരിക്കുന്ന കുടുംബത്തിലും സമൂഹത്തിലും വളരെ കൃത്യതയോടെ മുന്നേറാൻ ഇതിലെ പ്രവർത്തനങ്ങൾ സഹായമാകുന്നു.

# ഗണിതം നിത്യജീവിതത്തിൽ

| ലക്ഷ്യം | പ്രവർത്തനം | ക്ലാസ്സ് | കാലം | ചുമതല |
| --- | --- | --- | --- | --- |
| **ആശയാരണ കൈവരിക്കൽ**<br>എണ്ണൽ സംഖ്യകളിൽ തുടങ്ങി വിവിധ തരം സംഖ്യകൾ പരിചയ പ്പെടുത്തുന്നു.<br><br>എണ്ണൽ സംഖ്യകളുടെയും ഭിന്ന സംഖ്യകളുടെയും ചതുഷ്ക്രിയകൾ മനസ്സിലാക്കുന്നു | • സംഖ്യചാർട്ടുകൾ പ്രദർശിപ്പിക്കുന്നു<br>• ഗുണനപട്ടികചാർട്ട് പ്രദർശിപ്പിക്കുന്നു<br>• .വർക്ക്ഷീറ്റുകൾ നൽകുന്നു.<br>• പ്രയോഗികപ്രശ്നങ്ങശ അവതരിപ്പിക്കുന്നു | 8<br>9 | ജൂൺ | അധ്യാപകർ |
| നിർമ്മിതകളിലെ ശേഷി കൈവരിക്കൽ | • ഇൻസ്ട്രുമെൻറ് ബോക്സിൻെറ ലഭ്യത | 8<br>9 | ജൂലൈ | അധ്യാപകർ |
| ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ അളവുകൾ ഇവ പരിചയപ്പെടുത്തൽ | • ക്ലബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. (National Flag drawing competition, Geomatrical pattern drawing competition) | | ആഗസ്റ്റ സെപ്തം ബർ | അധ്യാപകർ |
| സംഘബോധം | • സംഘപഠനം | 8<br>9<br>10 | തുടർപ്രവർ ത്തനം | അധ്യാപകർ<br>സംഘ തലവൻ |
| ഗണിതത്തെ നിത്യജീവിതവു മായി ബന്ധിച്ച് ആശയങ്ങളുടെ പ്രധാന്യം ബോധ്യപ്പെടത്തൽ | • ഫീൽഡ് ട്രിപ്പ് സംഘടിപ്പി ക്കുന്നു | 8<br>9<br>10 | നവംബർ | അധ്യാപകർ<br>ഗണി തക്ലബ് |

# ഫോക്കസ് - ശാസ്ത്രം

ശാസ്ത്രം അനുദിനം വളർന്നു കൊണ്ടിരിക്കുന്നു. ജിജ്ഞാസയും ആവശ്യകതയും അതിന്റെ വളർച്ചയക്ക് കാതലായി തീരുന്നു. ചേർന്നു വളരേണ്ട പ്രകൃതിയെ മനസിലാക്കാനും ഒപ്പം സംരക്ഷിക്കാനും പുതിയ തലമുറ സന്നദ്ധരാകണം. വിദ്യാർത്ഥികളിൽ പ്രകൃതി സംരക്ഷണ ബോധം വളർത്തുവാനായി ഹരിതവിപ്ലവം എന്ന പേരിലും ശാസ്ത്രത്തിന്റെ വളർച്ച മനസിലാക്കുന്നതിനും കൂടാതെ ശാസ്ത്ര ത്വര എന്ന പേരിലും പ്രവർത്തനങ്ങൾ നടത്തി വരുന്നു അവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**പ്രവർത്തനം:1**
**പേര്   ; ഹരിതവിപ്ലവം**
**മേഖല/ഉപമേഖല : അക്കാദമികം/ ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പാരിസ്ഥിതിക അവബോധം വളർത്തുക | • വിദ്യാലയത്തിൽ കുട്ടികൾക്ക് പരിസ്ഥിതി സംരക്ഷണ അവബോധം വളർത്തൽ. ആവശ്യമായ ചിത്രരചന പോസ്റ്റർ നിർമ്മാണം പ്ലക്കാർഡ് നിർമ്മാണം ക്വിസ് മത്സരങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കൽ | ജൂൺ - ജൂലൈ | എക്കോ ക്ലബ്ബ് |
| കാർഷിക അവബോധം വളർത്തുക | • വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് പച്ചക്കറി ത്തോട്ട നിർമ്മാണം<br>• പരിപാലനം<br>• വിദ്യാർത്ഥികളുടെ വീടുകളിലെ പച്ചക്കറിത്തോട്ട നിർമ്മാണം പ്രോത്സഹിപ്പിക്കുക. | ആഗസ്സ് - സെപ്റ്റംബർ | സീഡ് ക്ലബ് |
| പ്രകൃതി സംരക്ഷണ ബോധം, സാമൂഹിക പ്രതിബദ്ധന വളർത്തുക | • മൃഗശാല സന്ദർശനം<br>• വിദ്യാലയത്തിൽ കുട്ടികൾക്ക് പരിസ്ഥിതി മലീനികരണ അവബോധം വളർത്തൽ, ആവശ്യമായ സ്കൂൾ റാലി പ്ലക്കാർഡ് നിർമ്മാണം പരിസര ശുചീകരണം മുതലായ നടപ്പിൽ വരുത്തുക.<br>• ഭക്ഷ്യദിനത്തോടനുബന്ധിച്ച് ഒരു പൊതിച്ചോറ് പദ്ധതി നടപ്പിലാക്കൽ<br>• പ്ലാസ്റ്റിക് മാലിന്യം കുറയക്കുന്നതിനായി കടലാസ് കവർ കടലാസ് പേന നിർമ്മാണം എന്നിവ വിദ്യാർത്ഥികളിൽ പ്രോത്സാഹിപ്പിക്കൽ | ഓക്ടോബർ - നവംബർ | സയൻസ് ക്ലബ് |

പ്രവർത്തനം:2
**പേര്   ; വിഷൻ**
**മേഖല/ഉപമേഖല : അക്കാദമികം/ ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികളിലും ശാസ്ത്രപഠനത്തിലൂടെ മുൻക്ലാസുകളിൽ നേടേണ്ടതായ അടിസ്ഥാനശേഷികൾ ഉണ്ടെന്ന് ഉറപ്പു വരുത്തുക | • പ്രീ ടെസ്റ്റ്<br>• പരിഹാരബോധനത്തിനായി പഠനഗ്രൂപ്പിംഗ്<br>• ബോധന സാമഗ്രികൾ തയ്യാറാക്കൽ<br>• പഠന പിന്നോക്കാവസ്ഥയുള്ളവർക്ക് ഒഴിവു സമയ വിനിയോഗം<br>• ആശയ ധാരണ ഉറപ്പിക്കൽ | ജൂൺ – ഫെബ്രുവരി | സയൻസ് അധ്യാപകർ |
| ശാസ്ത്രപഠനം രസകരമാക്കാനും ശാസ്ത്രബോധം ശാസ്ത്ര തത്പരത എന്നിവ വളർത്താനും ശാസ്ത്ര നൈപുണ്യം വികസിപ്പിക്കാനും | • ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട ലുഘരീക്ഷണങ്ങൾ<br>• ശാസ്ത്ര ദിനാചരണങ്ങൾ മുൻകൂട്ടിയുള്ള ആസൂത്രണത്തോടെ ചെയ്യുക..<br>• ശാസ്ത്ര മാഗസിൻ തയ്യാറക്കൽ<br>• ചാർട്ടുകൾ തയ്യാറാക്കൽ<br>• ഫീൽഡ്ട്രിപ്പുകൾ<br>• പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ, വിഡിയോ, ആനിമേഷൻ, വെർച്ചൽ പരീക്ഷണങ്ങൾ എന്നിവ ശേഖരിച്ച് എഡിറ്റ് ചെയ്ത് പ്രദർശിപ്പിക്കൽ<br>• ശാസ്ത്ര വാരത്തോടനുബന്ധിച്ച് VSSC സന്ദർശനം ‘<br>• ശാസ്ത്ര പുസ്തക ശേഖരണം | ജൂൺ ഫെബ്രുവരി | ശാസ്ത്രക്ലബ് |

# എന്റെ ചുറ്റുവട്ടം

മനുഷ്യനും അവർ ഉൾക്കൊള്ളുന്ന സമൂഹവും ദിനം പ്രതി അവരുടെ പെരുമാറ്റവും ജീവിതശൈലിയും മാറി കൊണ്ടിരിക്കുകയാണ്. ഇന്നത്തെ കാലഘട്ടത്തിൽ മനുഷ്യനെ ഒരു സാമൂഹ്യ ജീവിയായി മാറ്റുക എന്നത് വളരെ ദുഷ്കരമാണ്. തന്നോടൊപ്പം സമൂഹത്തിൽ ജീവിക്കുന്ന ഓരോ വ്യക്തിയ്ക്കും അവരുടേതായ മൂല്യങ്ങളും അവകാശങ്ങളും ഉണ്ടെന്ന തിരിച്ചറിവ് നൽകാൻ ഉതകുന്ന രീതിയിലാണ് സാമൂഹ്യപഠനപ്രവർത്തനങ്ങൾ ക്രമീകരിക്കുന്നത്. 'എന്റെ ചുറ്റുവട്ടം' എന്ന പേരിൽ നടത്തപ്പെടുന്ന പ്രവർത്തനങ്ങൾ കുട്ടികളിൽ ഒരു പുതിയ ഉൾകാഴ്ചയും അവബോധവും സമൂഹത്തോടുള്ള പ്രതിബദ്ധയും ഉള്ളവാകാൻ സഹായകരമായി തീരുന്നു. ഇതുവഴി ഒരു പുതിയ ലോകവും പുതു തലമുറയും സൃഷ്ടിപ്പെടുന്നു.

# എന്റെ ചുറ്റുവട്ടം

## സോഷ്യൽ സയൻസ്

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല |
|---|---|---|---|---|---|
| 1 | പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികളെ നേർധാരയിലെത്തിക്കുക | ❖ ഇങ്ങനെയുള്ള കുട്ടികളെ കണ്ടെത്തി അവരുടെ ഭവനം സന്ദർശിക്കുകയും,പഠനത്തിന്റെ പ്രധാന്യത്തെക്കുറിച്ച് പറഞ്ഞ് മനസ്സിലാക്കി കൊടക്കുയും ഇവരുടെ വിദ്യഭ്യാസത്തിനു വേണ്ടിയുള്ള ചെലവ് നടത്തിപ്പിനായി സന്നദ്ധത സംഘടനകളുടെ സഹായം തേടുക. | ജൂൺ | 8-10 | H.M. SS Teachers, PTA |
| 2 | ഗാമൂഹിക ശാസ്ത്ര വിഷയത്തിൽ താൽപര്യം ഉണ്ടാക്കൽ | ❖ ചരിത്ര സ്മാരകങ്ങൾ സന്ദർശിച്ച് അവയുടെ പ്രധാന്യം സംരക്ഷണം അവയ്ക്ക് പിന്നിലുള്ള ചരിത്ര വസ്തുതകൾ കണ്ടെത്തൽ. മഹാൻമാരോടുള്ള ആദരവ് വളർത്തിയെടുക്കൽ എന്നിവയ്ക്ക് സഹായകമാകുന്നു. | ജൂലൈ | 8-10 | SS Teachers, |
| 3 | ജനാധിപത്യമൂല്യങ്ങൾ തിരിച്ചറിഞ്ഞ് പ്രവർത്തിക്കാൻ കുട്ടിയെ സജ്ജമാകുക | S S CLUB പ്രവർത്തനങ്ങൾ സ്കൂൾ തല തെരഞ്ഞെടുപ്പ | ആഗസ്റ്റ് | 8-10 | HM Teachers, |
| 4 | സാമൂഹിക ജീവി എന്ന നിലയിൽ സാമൂഹി പ്രവർത്തനങ്ങൾ സ്വയം ഏറ്റെടുത്ത് നടത്തുന്നതിന് കുട്ടിയെ പ്രാപ്തരാകുക | ❖ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ സഹായശേഖരണം ഗൃഹസന്ദർശനം സെമിനാർ | സെപ്തംബർ | 8-10 | SRG |
| 5 | വ്യക്തി സമൂഹത്തിൻെറ അടിസ്ഥാന യൂണിറ്റാണെന്ന തിരിച്ചറിയുകയും അതനുസരിച്ച് ഇടപെടലുകൾ നടത്തുന്നതിനം പ്രാപ്തരാകുക | ❖ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ | ഒക്ടോബർ | 8-10 | HM, Teachers, PTA |
| 6 | സംസ്ഥാനങ്ങളുടെയും ജില്ലകളുടെയും വ്യാപനം വളർത്തിയെടുക്കുന്നു | ❖ ഒരു പാട്ടിലൂടെ കേരളത്തിലെ ജില്ലകളുടെ പേരുകൾ അനായസേന പഠിക്കുന്നു<br>❖ സംസ്ഥാനങ്ങളുടെ പേരുകൾ എളുപ്പ വഴിയിലുടെ ബോധ്യപ്പെടുത്തുന്നു. | നവംബർ | 8-10 | HM Teachers, |

| | | | | | |
|---|---|---|---|---|---|
| 7 | സാമൂഹികശാസ്ത്രപഠനത്തെ പെൺകുട്ടികളുടെ പദവി ഉയർത്തുന്നതിന് അനുയോജ്യമാകുന്നു | ❖ സ്വാതന്ത്ര്യ സമര ചരിത്ര ത്തിലെ സ്ത്രീ പ്രാധാന്യം സരോജിനി നായിഡു, റാണി ലക്ഷ്മിഭായി, തുടങ്ങിയവരുടെ പ്രവർത്തനം. ഇന്ത്യൻ സ്വാതന്ത്ര്യസമരചരിത്ര ത്തിൽ ഒരു മുതൽകൂട്ടാ യിരുന്നു എന്ന തിരിച്ചറിവിലടെ രാഷ്ട്രിയ കാര്യങ്ങളിൽ ഇടപെടാനും നാം ജീവിക്കുന്ന സമൂഹത്തിന്റെ ക്ഷേമത്തിന് സ്ത്രീകളും പ്രവർത്തിക്കണം എന്ന തിരിച്ചറിവ് നേടാം | ഡിസംബർ | 8-10 | SS Teachers, |
| 8 | സാമൂഹികശാസ്ത്രപഠനശേഷി വികസിപ്പിക്കൽ | ❖ ചരിത്ര സ്മാരകങ്ങൾ സംരക്ഷിക്കേണ്ടത്തിന്റെ പ്രധാന്യം മനസിലാക്കി കൊടുക്കുക<br>❖ ചരിത്ര മ്യൂസിയങ്ങൾ സന്ദർശനം<br>❖ ഇന്ത്യൻ ഭൂപടം വരയ്ക്കുക<br>❖ Globe, Valcanno ഇവയുടെ മോഡൽ ഉണ്ടാകുന്നു. | ഫെബ്രുവരി | 8-10 | SS Teachers, |

## <u>അക്കാദമിക് മാസ്റ്റർപ്ലാൻ</u>
## <u>കായിക വിദ്യാഭാസം (SOCCER)</u>

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല |
|---|---|---|---|---|
| ചിട്ടയായ യോഗ പരിശീല നത്തിലുടെ ആരോഗ്യമു ള്ള മനസും ശരീരവും കുട്ടികൾക്ക് പ്രദാനം ചെയ്യൽ | വായു സഞ്ചാരമുള്ള ഒരു മുറി ആവശ്യമായ ഉപകരണങ്ങളുടെ സഹായത്തോടെ കുട്ടികളെ യോഗ പരിശീലിപ്പിക്കുന്നു. സൂംബ ഡാൻസ് നല്ല ഫിറ്റ്നെസ് നൽകുന്നതും വളരെ വേഗത്തിലുള്ള ചുവടുകളാണ് പ്രത്യേകത ക്ഷീണമോ തളർച്ചയോ ഉണ്ടാകില്ല. നൃത്തവും സംഗീതവും കൂട്ടി ചേർന്നുള്ള വ്യായാമമാണ് സംഗീതോപ കരണങ്ങളുടെ സഹായത്തോടെ കുട്ടികളെ പരിശീലിപ്പിക്കുന്നു. | ജൂൺ-ജൂലൈ | 8-9 | Physical Education Teacher |
| ഫുട്ബോൾ വോളിബോൾ നെറ്റ്ബോൾ ഹാന്റ്ബോൾ അത്‌ലറ്റിക്സ് സെലക്ഷൻ | ഫുട്ബോൾ വോളിബോൾ നെറ്റ്ബോൾ ഹാന്റ്ബോൾ തുടങ്ങിയ ഗെയിമിന് വേണ്ടി ജൂൺ ജൂലൈ മാസത്തിൽ കുട്ടികൾക്ക് സെലക്ഷൻ നടത്തുന്നു | ജൂൺ-ജൂലൈ | 8-9 | Physical Education Teacher Academic PTA |
| ഫുട്ബോൾ വോളിബോൾ നെറ്റ്ബോൾ ഹാന്റ്ബോൾ | വൈകുന്നേരം കുട്ടികളെ പല ഗ്രൂപ്പുകളാക്കി ഫുട്ബോൾ വോളി ബോൾ നെറ്റ്ബോൾ ഹാന്റ്ബോൾ തുടങ്ങിയവ പരിശീലിപ്പിക്കുയും ഒപ്പം ടീമുകളായി മത്സരങ്ങൾ നടത്തുന്നു. നെറ്റ് ബോൾ അസോസിയേഷന്റെ കോച്ചുകളുടെ സഹായത്തോടെയും ഐ ലീഗ് സന്തോഷ് ട്രോഫീ കളിച്ച വരെയും മറ്റു പരിചയ സമ്പന്നരെയും ഉൾപ്പെടുത്തി പരിശിലനം നൽകുന്നു. | ജൂൺ-ഒക്ടോബർ | 8-9 | Physical Education Teacher Academic PTA |
| അത്‌ലറ്റിക്സിന്റെ പരീശീലനം | വൈകുന്നേരങ്ങളിൽ അത്‌ലറ്റിക്സിലെ ഓരോ ഈവന്റിന്റെ പ്രാധാന്യം മനസിലാക്കി പരിശീലനം നൽകുന്നു. സ്പോൺസർമാരെ കണ്ടെത്തി കഴിവുള്ള കുട്ടികൾക്ക് ജെഴ്സിയും സ്പൈക്സും ലഭ്യമാകുന്നു. | നവംബർ ഫെബ്രുവരി | 8-9 | Physical Education Teacher Academic PTA |

# സ്വരാഞ്ജലി

സർഗ്ഗാത്മക്ത, നിരീക്ഷണപാടവം, എന്നിവ കുട്ടികളിൽ വളർത്താൻ കലാപഠനം അത്യന്താപേക്ഷിതമാണ്. പൊതു വിഷയങ്ങൾക്കൊപ്പം പ്രാധാന്യം നൽകി കൊണ്ടാണ്, കലാപഠനവും മുന്നോട്ടു പോകുന്നത്. പഠിതാവിന്റെ നൈസാർഗികമായ കലാവാസനകൾ തിരിച്ചറിഞ്ഞ് പരിപോഷിപ്പിക്കാനും വിവിധ കലകൾ അസ്വദിക്കുന്നതിനും ആസ്വാദനശേഷിയെ സദാ വികസിപ്പിച്ചു കൊണ്ടിരിക്കുന്ന സുപ്രധാന ഘടകമാണ്. കല വളർന്നു വരുന്ന തലമുറയിലെ കുട്ടികളിലെ മാനസിക പ്രയാസങ്ങളും ടെൻഷനും ലഘുകരിക്കുന്നതിനു കലാ പഠനം പ്രത്യേക പങ്ക് വഹിക്കുന്നു. കലാപഠന പ്രവർത്തനവുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

## ART EDUCATION

## ACADEMIC MASTER PLAN 2022-23

## SWARANJALI

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | ചുമതല |
|---|---|---|---|
| Classic Music നെ പറ്റി ധാരണ കൈവരിക്കുന്നതിനു വേണ്ടി Special ClassIfpw Audio, Video എന്നിവ സംഘടിപ്പിക്കുന്നു | • വരിശകർ<br>• രാഗങ്ങളെ പരിചയപ്പെടൽ<br>• കൃതി കീർത്തനം ആലാപനരീതി | 8,9,10 | Art education Teacher |
| Stage Fearing മാറ്റുന്നതിന് വേണ്ടി Classepw assembly ലും കഴിവു ള്ളവർക്ക് അവസരങ്ങൾ കൂടുതൽ നൽകുന്നു | • Programmes<br>• അവതരണത്തിനു ശേഷം കുട്ടികളെ അഭിനന്ദിക്കുന്നു. ഇതിലൂടെ അവരുടെ ആത്മവിശ്വാസം വർദ്ധിക്കുന്നു | 8,9,10 | Art education Teacher |
| അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി അവരെ മുഖ്യധാരയിലേക്ക് കൊണ്ട് വന്ന് ഉത്തമ കലാകാരന്മാരാക്കുക. | • കലാരുചിയുള്ളവരെ കണ്ടെത്തുന്നു.<br>• കുട്ടികൾക്ക് വിവിധങ്ങളായ കലാരൂപ ങ്ങളെ പരിചയപ്പെടുകയും അവ നേരിട്ട് അസ്വദിക്കുവാനുള്ള അവസരം ഒരുക്കുന്നു. | | |

# സ്കൗട്ട് പ്രവർത്തനങ്ങൾ

| SL.No. | Month & Date | പ്രവർത്തനങ്ങൾ |
|---|---|---|
| 1 | June 1 | പ്രവേശനോത്സവം ഒരുക്കങ്ങൾ |
| | June 5 | ശുചിത്വ പരിസ്ഥിതി<br>ലോകപരിസ്ഥിതി ദിനാചരണം<br>എൻെറ മരം പദ്ധതി ഉദ്ഘാടനം |
| | June 21 | യോഗ ദിനാചരണം |
| | June 26 | ലോക ലഹരി വിരുദ്ധ ദിനം രചന<br>മത്സരങ്ങൾ സോഷ്യൽ മീഡിയ<br>കളിലൂടെ ലഹരി വിരുദ്ധ<br>സന്ദേശങ്ങൾ ഷെയർ ചെയ്യൽ |
| 2 | July 1-31 | യൂണീറ്റ് വിസിറ്റ്<br>പ്രൊഫിഷ്യൻസി ബാഡ്ജ് |
| | July 15-31 | ലഹരി വിമുക്ത നവകേരളം<br>ഗൃഹ സന്ദർശനം |
| 3 | August 6-10 | സീ സ്കൗട്ട് |
| | August 6 | ഹിരോഷിമ ദിനം<br>യുദ്ധ വിരുദ്ധ സമാധാന റാലി |
| | August 15 | സ്വാതന്ത്ര്യദിനാഘോഷം പോസ്ടർ<br>രചന, ഉപന്യാസ രചന |
| | August 17-18 | ഹരിത വിദ്യായലയം സ്കൂൾ<br>കൃഷിതോട്ട നിർമ്മാണം |
| 4 | September 1 | ഗ്രൂപ്പ് കമ്മിറ്റി |
| 5 | October 1 | വയോജന ദിനം വൃദ്ധസദനങ്ങൾ<br>സമ്പർശിക്കൽ |
| | October 2 | ഗാന്ധിജയന്തി ഗാന്ധിയെ<br>അറിയൽ<br>രചന മത്സരങ്ങൾ<br>ക്വിസ്സ് മത്സരങ്ങൾ |
| 6 | November 1 | കേരളപ്പിറവി ദിനം |
| | November 7 | ഫൗണ്ടേഷൻ ഡേ |
| | November 14 | ശിശുദിനാഘോഷം |

| SL.No. | Month & Date | പ്രവർത്തനങ്ങൾ |
|---|---|---|
| 7 | December 1-24 | രാജ്യപുരസ്കാർ ടെസ്റ്റിഗ് ക്യാമ്പ് |
| 8 | January 12 | ദേശിയ യുവജന ദിനം |
| | January 26 | റിപ്പബ്ലിക് ദിനം |
| 9 | February 1-28 | യൂണിറ്റ് ക്യാമ്പുകൾ |
| | February 22 | ലോക സ്കൗട്ട് ദിനം<br>ലഹരിക്കെതിരെ കാർട്ടൂൺ ചിത്രരചന മത്സരങ്ങൾ |

## ART EDUCATION

## ACADEMIC MASTER PLAN 2022-23

## SWARANJALI

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | ചുമതല |
|---|---|---|---|
| Classic Music നെ പറ്റി ധാരണ കൈവരിക്കുന്നതിനു വേണ്ടി Special ClassIfpw Audio, Video എന്നിവ സംഘടിപ്പിക്കുന്നു | • വരിശകർ<br>• രാഗങ്ങളെ പരിചയപ്പെടൽ<br>• കൃതി കീർത്തനം ആലാപനരീതി | 8,9,10 | Art education Teacher |
| Stage Fearing മാറ്റുന്നതിന് വേണ്ടി Classepw assembly ലും കഴിവു ള്ളവർക്ക് അവസരങ്ങൾ കൂടുതൽ നൽകുന്നു | • Programmes<br>• അവതരണത്തിനു ശേഷം കുട്ടികളെ അഭിനന്ദിക്കുന്നു. ഇതിലൂടെ അവരുടെ ആത്മവിശ്വാസം വർദ്ധിക്കുന്നു | 8,9,10 | Art education Teacher |
| അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി അവരെ മുഖ്യധാരയിലേക്ക് കൊണ്ട് വന്ന് ഉത്തമ കലാകാരന്മാരാക്കുക. | • കലാരുചിയുള്ളവരെ കണ്ടെത്തുന്നു.<br>• കുട്ടികൾക്ക് വിവിധങ്ങളായ കലാരൂപ ങ്ങളെ പരിചയപ്പെടുകയും അവ നേരിട്ട് അസ്വദിക്കുവാനുള്ള അവസരം ഒരുക്കുന്നു. | | |

# ST.ANTONY'S HSS
# VALIATHURA



Thanks
by
Headmistress